**ശ്രദ്ധക്ഷണിക്കൽ**

**(1) റോഡപകടങ്ങൾ**

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളത്തിൽ ദിനംപ്രതി നൂറ് വാഹനാപകടങ്ങളാണ് ഉണ്ടാകുന്നത്. എല്ലാ ദിവസവും പത്ത് പേർ മരിക്കുകയും 136 പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുന്നുവെന്നാണ് കണക്ക്. 4000 പേർ വർഷംതോറും മരിക്കുമ്പോൾ അതിൽ 2764 പേർ യുവാക്കളാണ്. പത്ത് കൊല്ലത്തിനിടയിലുണ്ടായ അപകടങ്ങളിൽ ആറ് ലക്ഷംപേർക്ക് ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്. ഇതിൽ നല്ലൊരു വിഭാഗം സ്ഥിരം disability ബാധിച്ചവരാണ്. 600 കോടിയോളം രൂപ ഒരു വർഷം വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി ചെലവാകുന്നു. 38,863 സ്ക്വയർ കി. മീറ്ററാണ് കേരളത്തിന്റെ വിസ്തീർണ്ണം. ഇന്ത്യയിൽ 100 സ്ക്വയർ കി. മീറ്ററിന് 1673 വാഹനങ്ങളാണെങ്കിൽ കേരളത്തിൽ 6567 വാഹനങ്ങളാണുള്ളത്. അന്തർദേശീയ തലത്തിലും 100 സ്ക്വയർ കി.മീറ്ററിന് 6567 വാഹനങ്ങളാണുള്ളത്. അപകടനിരക്ക് ഇന്ത്യയിൽ ആയിരം വാഹനങ്ങൾക്ക് 7.2 ശതമാനമാണെങ്കിൽ കേരളത്തിൽ 15 ശതമാനമാണ്. 2000-ൽ കേരളത്തിൽ 2710 പേരും, 2010-ൽ 3959 പേരും, 2011-ൽ 4145 പേരും 2012-ൽ 4286 പേരുമാണ് വാഹന അപകടങ്ങളിൽ മരിച്ചത്. ഗാസയിലും, ബാഗ്ദാദിലും, അഫ്ഗാനിസ്ഥാനിലും സ്ഫോടനങ്ങളിലൂടെയും തീവ്രവാദി ആക്രമണങ്ങളിലൂടെയും ജപ്പാനിലെ ഭൂകമ്പത്തിലും, സോമാലിയായിലെ പട്ടിണി മരണങ്ങളിലൂടെയും

മരിച്ചവരേക്കാൾ കൂടുതലാളുകൾ കേരളത്തിൽ റോഡപകടങ്ങളിൽ മരിക്കുന്നുണ്ട്. മാൻ, മെഷീൻ, റോഡ് ഈ മൂന്ന് കാര്യങ്ങളിലുള്ള അശ്രദ്ധയാണ് റോഡപകടങ്ങളുടെ പ്രധാന കാരണം. എഡ്യൂക്കേഷൻ, നിയമം, എൻഫോഴ്സ്മെന്റ്, റോഡ്, എഞ്ചിനീയറിംഗ്, ഇവാല്യുവേഷൻ, തെറ്റുകളിൽ നിന്ന് പാഠം പഠിക്കൽ, ഇറാഡിക്കേഷൻ, തകരാറുകൾ പരിഹരിക്കൽ, നിയമങ്ങളെ അനുസരിക്കാനും അതനുസരിച്ച് ഡ്രൈവ് ചെയ്യാനും തയ്യാറാകാത്ത തകരാറുകൾ ഇവയെല്ലാം പ്രധാനപ്പെട്ട കാരണങ്ങളാണ്. അമിത വേഗത, മദ്യപാനം, വാഹനങ്ങളുടെ തകരാറ്, റോഡുകളുടെ തകർച്ച, സിഗ്നലുകളുടെ അഭാവം, മത്സരയോട്ടം തുടങ്ങിയ ഒരുപാട് കാര്യങ്ങൾ കേരളത്തിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസികളുടെ മരണത്തെ സംബന്ധിച്ചും പനിമൂലം ഉണ്ടാകുന്ന മരണത്തെ സംബന്ധിച്ചും ജാഗ്രതയോടുകൂടി ഭരണകക്ഷി പ്രതിപക്ഷഭേദമില്ലാതെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഇതിന്റെ എത്രയോ ഇരട്ടി കേരളത്തിലെ റോഡുകളിൽ ചതഞ്ഞരയുന്ന ബാല്യങ്ങളെയും കൗമാരങ്ങളെയും ജനങ്ങളെയും കുറിച്ച് നമ്മുടെ രാജ്യത്ത് വേണ്ടത്ര ചിന്തിക്കുന്നില്ലെന്നുള്ള ദു:ഖ സത്യം ഞാൻ ഇവിടെ അറിയിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ചേർന്നുകൊണ്ട് കേരളത്തിലെ അപകട നിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയമായ പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെയധികം വസ്തുതകൾ ഉൾക്കൊള്ളുന്ന കാര്യങ്ങളാണ്. 98 ശതമാനം

റോഡപകടങ്ങളുമുണ്ടാകുന്നത് റാഷ് ഡ്രൈവിംഗ് കൊണ്ടാണ്. അദ്ദേഹം പറഞ്ഞത് ഏകദേശം ശരിയാണ്. അതുപോലെ തന്നെ ടൂ-വീലറുകളാണ് 59 ശതമാനത്തോളം റോഡപകടങ്ങളുണ്ടാക്കുന്നത്. ഈ രണ്ട് തരത്തിലാണ് ഏറ്റവുമധികം റോഡപകടങ്ങൾ ഉണ്ടാകുന്നത്. ഇതിനുള്ള പ്രധാന കാരണം, 2005-ൽ നമ്മുടെ സംസ്ഥാനത്ത് 40 ലക്ഷം വാഹനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ, 2012-13-ൽ 78 ലക്ഷം വാഹനങ്ങളുണ്ട്. അതിനനുസൃതമായി റോഡുകൾ വികസിച്ചിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ വേണ്ടത്ര ജീവനക്കാരുമില്ല. ഇതെല്ലാം അപകടങ്ങൾ കൂടാൻ കാരണങ്ങളാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 2013 മെയ് മാസം വരെ 5 മാസം കൊണ്ട് 1905 ആളുകൾ ആക്സിഡന്റുമൂലം മരണപ്പെടുകയും 17954 ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. 2012-ലെ ആക്സിഡന്റുകൾ 36174 ഉം മരണം 4286 ഉം ആയിരുന്നു. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനും പോപ്പുലേഷനിലുണ്ടായ വർദ്ധനവിനുമനുസരിച്ച് അപകടങ്ങൾ ഉണ്ടായിട്ടില്ല എന്നൊരു വാദഗതിയുമുണ്ട്. ആ വാദഗതി ശരിയാണെങ്കിലും തെറ്റാണെങ്കിലും മരിക്കുന്നവരുടെ എണ്ണം കൂടുന്നു എന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. അപകടങ്ങൾ കുറയ്ക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ വകുപ്പിൽ ഏകദേശം 406 പുതിയ ഉദ്യോഗസ്ഥൻമാരെ നിയമിച്ചു, 17 സ്ക്വാഡുകളുണ്ടാക്കി. അമിത വേഗത തടയാൻ സ്റ്റേജ് ഗ്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്ക്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും

സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. അതുപോലെ സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ്, മൊബൈൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള വാഹന പരിശോധനകൾ നടത്തുന്നതുകൊണ്ട് അമിത വേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നത് കണ്ടെത്താൻ സാധിക്കുന്നുണ്ട്. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ ഉപയോഗിച്ചും സ്പീഡ് തടയുന്നുണ്ട്. ഇതിനെല്ലാം പുറമെ റോഡ് സേഫ്റ്റി അതോറിറ്റി ചേർത്തല മുതൽ മണ്ണുത്തി വരെ സെർവെയ്ലൻസ് ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ സെർവെയ്ലൻസ് ക്യാമറ വയ്ക്കാനുള്ള നടപടികളും ചെയ്തുവരുന്നുണ്ട്. ചേർത്തല മുതൽ കളിയിക്കവിള വരെ സെർവെയ്ലൻസ് ക്യാമറ വയ്ക്കാനുള്ള നടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റും ചെയ്തുവരുന്നു. ഇതുപോലെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഏർപ്പെടുത്തുന്നതിനും ഈ ഗവൺമെന്റ് വലിയ പ്രാധാന്യം കൽപ്പിച്ചുവരുന്നു. അതുകൊണ്ട് ഇനിയും റോഡുകളുടെ എണ്ണം കൂട്ടാതെയും വീതി കൂട്ടാതെയും ആക്സിഡന്റുകൾ കുറയ്ക്കുക എന്നത് വളരെ പ്രയാസമാണ്. ഇന്ത്യാ രാജ്യത്ത് ദേശീയപാതകൾക്ക് 60 മീറ്റർ വീതി വേണമെന്ന് പറയുമ്പോൾത്തന്നെ ഇത്രയും ഡെൻസിറ്റി ഓഫ് പോപ്പുലേഷനുള്ള ഇവിടെ 45 മീറ്റർ വീതി മതിയെന്ന് പറയുകയും അത് അനുവദിക്കുകയും ചെയ്തു. അതുപോലും നടപ്പാക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്.

ശ്രീ. ഇ.പി. ജയരാജൻ: സർ, മദ്യപാനവും റാഷ് ഡ്രൈവിംഗുമാണ് റോഡപകടങ്ങളുണ്ടാകാനുള്ള പ്രധാന കാരണങ്ങൾ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞ കാര്യം വളരെ ശരിയാണ്. റാഷ് ഡ്രൈവിംഗ്, മദ്യപാനം എന്നുമാത്രമല്ല ഇതിനെക്കുറിച്ചുള്ള ബോധമില്ലായ്മ ഇവയെല്ലാം ഇതിന് കാരണമാണ്. അതുകൊണ്ട് ഡ്രൈവർമാർക്ക് ബോധവൽക്കരണം നടത്താൻ പ്രത്യേകം ക്ലാസുകൾ നൽകാനുള്ള ശ്രമങ്ങളും നടത്തിവരുന്നുണ്ട്.

ശ്രീ. സി.പി. മുഹമ്മദ്: സർ, അങ്ങ് ഇവിടെ പറഞ്ഞ ഒരു കാര്യം വളരെ വ്യക്തമാണ്. കേരളത്തിൽ നടന്ന ആക്സിഡന്റുകളിലെ മഹാഭൂരിപക്ഷവും ഇരുചക്ര വാഹനങ്ങളുമായി ബന്ധപ്പെട്ടാണ്. 23637 മോട്ടോർ ബൈക്ക് അപകടങ്ങളുണ്ടായപ്പോൾ ബസ്സുകളുടെ അപകടം 4003 ഉം കാറുകളുടേത് 9871 മാണ്. ഇങ്ങനെ അകാലത്തിൽ റോഡുകളിൽ ചതഞ്ഞരയുന്ന നമ്മുടെ കൗമാരങ്ങളെ രക്ഷിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? ഹെൽമറ്റിന്റെ കാര്യത്തിൽ കർശനമായ നിയമമുണ്ട്. ഇക്കാര്യത്തിൽ ബോധവൽക്കരണമടക്കമുള്ള പരിപാടികൾ ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കാര്യങ്ങളൊക്കെയാണ് ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നത്. അതിനുവേണ്ടി ഡ്രൈവർമാർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുക്കാനും ബോധവൽക്കരണം നടത്താനുമുള്ള നടപടികളും ചെയ്യുന്നുണ്ട്. അതുപോലെ ഓരോ വർഷവും ഇതിനുള്ള പ്രത്യേക ദിനം ആചരിച്ച് സിമ്പോസിയവും സെമിനാറുകളുമൊക്കെ നടത്തി വരുന്നുണ്ട്. അതെല്ലാം കുറേക്കൂടി ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

## (2) കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. ഇ.പി. ജയരാജൻ: സർ, കേരളത്തിലെ കാർഷിക മേഖല കടുത്ത പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. അതിൽ പ്രധാനം കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കൊന്നും ന്യായമായ വില ലഭിക്കുന്നില്ലെന്നുള്ളതാണ്. അത് കൃഷിക്കാരെ മാത്രമല്ല നമ്മുടെ കേരളത്തിലെ പൊതു സമൂഹത്തെയാകെ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ഇതിന്റെ ഫലമായി ജനങ്ങളുടെ വാങ്ങാനുള്ള ക്രയശക്തി വൻതോതിൽ കുറഞ്ഞുവരികയാണ്. അതുകൊണ്ട് മാർക്കറ്റിൽത്തന്നെ ഒരു സ്തംഭനാവസ്ഥ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് നമ്മുടെ കേരള സമൂഹത്തെയാകെ ഉലച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. നെല്ല്, നാളികേരം, റബ്ബർ, കുരുമുളക്, കാപ്പി, ഏലം, കശുവണ്ടി തുടങ്ങിയ എല്ലാ കാർഷികോല്പന്നങ്ങൾക്കും വിലയിടിവാണ്. ഒന്നിനും ന്യായവില ലഭിക്കുന്നില്ല. അദ്ധ്വാനിക്കുന്നതിന്റെ ഒരു ചെറിയ അംശംപോലും പ്രതിഫലമായി ലഭിക്കുന്നില്ലെന്നുള്ളതാണ് സ്ഥിതി. സംസ്ഥാന ആസൂത്രണ ബോർഡ് മാർച്ച് മാസത്തിൽ പുറത്തിറക്കിയിട്ടുള്ള അവരുടെ സാമ്പത്തിക സർവ്വെയിൽ കൃഷിയിൽ നിന്നുള്ള ആഭ്യന്തര വരുമാനം ഗണ്യമായ തോതിൽ കുറഞ്ഞുവരുന്നതായി രേഖപ്പെടുത്തിയിരിക്കുകയാണ്. ഒരു ഘട്ടത്തിൽ കേരളത്തിന്റെ വരുമാനത്തിൽ ഏറ്റവും മുൻപന്തിയിൽ ഉണ്ടായിരുന്നത് കാർഷിക രംഗത്തുനിന്നുള്ള വരുമാനമായിരുന്നു. ഇപ്പോൾ നമ്മുടെ ആഭ്യന്തര വരുമാനത്തിന്റെ 9.1 ശതമാനം മാത്രമാണ് കൃഷിയിൽ നിന്ന് ലഭിക്കുന്നതെന്നാണ് ആസൂത്രണ ബോർഡിന്റെ റിപ്പോർട്ടിൽ

ചൂണ്ടിക്കാണിക്കുന്നത്. എന്നുപറഞ്ഞാൽ ഇതിന്റെ അർത്ഥം നമ്മുടെ കേരളത്തിലെ റബ്ബറും നാളികേരവുമടക്കമുള്ള എല്ലാ വിളകളുടെയും ഉൽപ്പാദനം ഏറ്റവും വലിയ തകർച്ചയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ്. നെല്ല്, അരി എന്നിവ കേരളത്തിലെ ഒരു പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നമാണ്. കേരളത്തിലെ ജനങ്ങളുടെ മുഖ്യ ആഹാരം തന്നെ അരിയാണ്. ഇവിടെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. ഒരു കിലോഗ്രാമിന് 17 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. നെല്ല് സംഭരിച്ച് 3 മാസം പിന്നിട്ടെങ്കിലും, ജനുവരിയിൽ തുടങ്ങുന്ന മൂന്നാമത്തെ സീസണിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ച 2.2 ലക്ഷം മെട്രിക് ടൺ നെല്ലിന് 50 കോടി രൂപ മാത്രമാണ് ഇപ്പോൾ ആലപ്പുഴയിൽ കുട്ടനാട്ടിലെ നെൽക്കർഷകർക്ക് കൊടുത്തിട്ടുള്ളത്. ഏകദേശം 160 കോടി രൂപ ബാക്കി കൊടുക്കാനുണ്ട്. ആ പണം കൊടുക്കുന്നില്ല. ഇത് നെൽകൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്. നെല്ല് കൊടുത്താൽ വില ലഭിക്കുന്നില്ല. ഇത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. രാസവളത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നെൽകൃഷിക്കാർക്ക് സസ്റ്റെനബിൾ ഡവലപ്മെന്റ് റേറ്റ്സ് എന്ന പദ്ധതിപ്രകാരം നൽകുന്ന ഇൻപുട്ട് സബ്സിഡിയുണ്ട്. ആ സബ്സിഡിയും കർഷകർക്ക് ലഭിക്കുന്നില്ല. 75 ശതമാനം ഭക്ഷ്യകമ്മിയുള്ള സംസ്ഥാനമാണ് കേരളം. ഇവിടെ ഭക്ഷ്യോത്പാദന രംഗത്ത് പ്രത്യേകിച്ച് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കൃഷിക്കാർക്ക് ലഭ്യമാകേണ്ട ആനുകൂ

ല്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ല. കുട്ടനാട് പാക്കേജ് തന്നെ തകർന്ന് കിടക്കുകയാണ്. കഴിഞ്ഞ വർഷം കേരളത്തിലെ നാളികേരത്തിന്റെ കണക്കെടുത്താൽ ഏതാണ്ട് 800 കോടിയോളം നാളികേരം ഉൽപ്പാദിപ്പിച്ചു എന്നാണ് കണക്ക്. നാളികേര കൃഷിക്കാരും വിലയിടിവിന്റെ ഫലമായി വലിയ പ്രയാസത്തിലാണ്. നാളികേരം ഇപ്പോൾ വേണ്ടാത്ത ഒരു സാധനമായി മാറിയിരിക്കുകയാണ്. നാളികേരം നിറഞ്ഞ് നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം, കേരളം നാളികേരത്തിന്റെ നാടാണ്. പക്ഷേ ഇന്ന് ജനങ്ങൾക്ക് ആവശ്യമില്ലാത്ത ഒരു കാർഷികോൽപ്പന്നമായി നാളികേരം മാറിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ ഏതാണ്ട് എട്ട് ലക്ഷം ഹെക്ടർ ഭൂമിയിലെങ്കിലും നാളികേരത്തിന്റെ കൃഷിയുണ്ട്. ഏതാണ്ട് പതിനെട്ട് കോടിയിലധികം തെങ്ങുണ്ട്. ഒരു വർഷം ഏതാണ്ട് എണ്ണൂറ് കോടി നാളികേരം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇത്രയും നാളികേരത്തിന്റെ ഉൽപ്പാദനം ഉപയോഗപ്പെടുത്താൻ സാധിച്ചാൽ, ഒരു നാളികേരത്തിന് പത്ത് രൂപ ലഭിച്ചാൽ എണ്ണായിരം കോടി രൂപ കേരളത്തിലെ നാളികേര കർഷകരുടെ കൈവശം വന്നെത്തും. അങ്ങനെ വരുമ്പോൾ അത് കേരളത്തിലെ മാർക്കറ്റിനെതന്നെ സജീവമാക്കും. ഇപ്പോൾ രണ്ട് രൂപയ്ക്കും മൂന്ന് രൂപയ്ക്കുമാണ് നാളികേരം വിൽക്കേണ്ടിവരുന്നത്. എന്നാൽ അത് വാങ്ങുന്നതിന് ആളില്ല, തെങ്ങിൽ കയറാൻ തൊഴിലാളികളുമില്ല. തെങ്ങിൽ കയറാൻ തൊഴിലാളികളില്ലാത്തതിനാൽ നാളികേരം തറയിൽ വീണ് കിടക്കുകയാണ്. അത് പെറുക്കിയെടുക്കാനും ആളില്ല. 2012-ൽ കൊപ്രയുടെ താങ്ങുവില 5,100 രൂപയായിരുന്നത് 5,250 രൂപയായി. 5,250 രൂപയുണ്ടായിരുന്ന ഉണ്ടകൊപ്രയുടെ താങ്ങുവില 5,500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷേ ഇതിന്റെ സംഭരണം നടക്കുന്നില്ല.

സംഭരണം നാഫെഡിനെ ഏൽപ്പിച്ചു. പക്ഷേ നാഫെഡും സംഭരിക്കുന്നില്ല. കേന്ദ്രഗവൺമെന്റ് ഇപ്പോൾ പറഞ്ഞിരിക്കുന്നത് നാഫെഡിന്റെ നഷ്ടത്തിന്റെ പതിനഞ്ച് ശതമാനം മാത്രമേ ഞങ്ങൾക്ക് നൽകാൻ സാധിക്കൂ എന്നാണ്. അതിന്റെ ഫലമായി ഇപ്പോൾ നാഫെഡും നാളികേരം സംഭരിക്കുന്നില്ല. സഹ കരണ സംഘങ്ങൾ സംഭരിച്ചത് മുഴുവൻ ഗോഡൗണിൽ കെട്ടിക്കിടക്കുകയാ ണ്. അത് വാങ്ങാൻ ആളില്ല. നിശ്ചയിച്ചിരിക്കുന്ന വിലയ്ക്കുപോലും ഗവൺമെന്റ് വാങ്ങുന്നില്ല. മൂന്നും നാലും രൂപയ്ക്ക് ഒരു നാളികേരം നൽകേണ്ടി വരുന്ന അവസ്ഥയിൽപ്പോലും അത് വാങ്ങുന്നതിനുള്ള ഫലപ്രദ മായ സംവിധാനമില്ല. ഇപ്പോൾ നാളികേരം സംഭരിക്കുന്നത് എവിടെനിന്നാ ണ്? ഒരിടത്തുനിന്നും നിങ്ങൾ നാളികേരം സംഭരിക്കുന്നില്ല. വെറുതെ പറ യുന്നു എന്ന് മാത്രമേയുള്ളൂ. റബ്ബറിന്റെ അവസ്ഥ ഇതിനെക്കാളും ദയനീയ മാണ്. ഒരു കിലോ റബ്ബറിന് 243 രൂപവരെ ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് 140 രൂപയായി താഴ്ന്നിരിക്കുകയാണ്. റബ്ബറിന് ഉപയോഗിക്കുന്ന ഫാക്ടംഫോസിന്റെ വില ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഞാൻ ഇക്കാ ര്യത്തിൽ കൂടുതലൊന്നും പറയുന്നില്ല. 2011 ജനുവരിയിൽ 50 കിലോഗ്രാം പായ്ക്കറ്റിന് 680 രൂപയായിരുന്നു വില. എന്നാൽ ഇപ്പോൾ അതിന്റെ വില 2,200 രൂപയാണ്. ഫാക്ടംഫോസ് ഇപ്പോൾ റബ്ബർ കൃഷിക്കാർ ഉപയോഗി ക്കാത്ത അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. ഇത് റബ്ബർ ഉൽപ്പാദ നത്തെ വലിയ തോതിൽ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ അവസ്ഥ തന്നെയാണ് കുരുമുളകിനും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുരുമുളകും റബ്ബറും ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഏലം കൃഷിക്കാർ ഏറ്റവും കൂടുതൽ ദയനീയാവസ്ഥയിലാണ്. ഒരു കിലോഗ്രാം

കുരുമുളക് 330 രൂപ മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. കിലോഗ്രാമിന് 1,600 രൂപവരെ ലഭിച്ചിരുന്ന ഏലത്തിന് ഇപ്പോഴത്തെ വില 400-ൽ താഴെയാണ്. അതുപോലെതന്നെയാണ് കാപ്പിപരിപ്പും. 1997-98-ൽ ലഭിച്ച വിലയാണ് ഇപ്പോഴും ഇതിന് ലഭിക്കുന്നത്. ഏത് കാർഷികോൽപ്പന്നമെടുത്താലും ഇന്നത്തെ അവസ്ഥ ഇതുതന്നെയാണ്. എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും വലിയ തോതിൽ വിലയിടിയുകയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ചുവരുന്ന സാമ്പത്തിക നയം തന്നെയാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. ഇവിടെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവ്വാഹമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്...........

ശ്രീ. ഇ.പി. ജയരാജൻ: വെളിച്ചെണ്ണ ഭക്ഷ്യ എണ്ണയുടെ പട്ടികയിലാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇത് നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തി. ഭക്ഷ്യ എണ്ണയുടെ പട്ടികയിലുള്ള വെളിച്ചെണ്ണയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ അതിന്റെ ഒരു ആനുകൂല്യവും നാളികേര കർഷകർക്ക് ലഭിക്കുകയില്ല. ആയതിനാൽ കയറ്റുമതിക്കുതന്നെ അനുമതിയില്ലാത്ത ഒരു അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. വെളിച്ചെണ്ണയുടെ കയറ്റുമതിയെ സംബന്ധിച്ച് ചില പരാതികൾ ഉയർന്നുവന്നപ്പോൾ അത് കൊച്ചി തുറമുഖത്തുനിന്ന് അയയ്ക്കുന്നതിനുള്ള ഏർപ്പാട് ചെയ്യാമെന്ന് പറഞ്ഞു. പക്ഷേ അവിടെ ഇപ്പോൾ കയറ്റുമതിയില്ല. അതേ അവസരത്തിൽ നാം ഇവിടെ മനസ്സിലാക്കേണ്ടത്, ഇവിടെ പാമോയിൽ ഇറക്കുമതി ചെയ്യുകയാണ്. ഒരു ഘട്ടത്തിൽ പാമോയിലിന് എൺപത്തിയഞ്ച് ശതമാനം ഇറക്കുമതി ചുങ്കം ഉണ്ടായിരുന്നു. അത് കേന്ദ്രഗവൺമെന്റ് പിൻവലിച്ചു. കേന്ദ്രഗവൺമെന്റ് പാമോയിലിന് 25

ശതമാനം സബ്സിഡി നൽകുകയാണ്. ഇതും വെളിച്ചെണ്ണയുടെ മാർക്കറ്റ് പിടിക്കാനിടയായി. ഭക്ഷ്യ എണ്ണയുടെ പട്ടികയിലുള്ള വെളിച്ചെണ്ണയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തി അതിന്റെ കയറ്റുമതി നിയന്ത്രിച്ചു, അതിന്റെ ആഭ്യന്തര മാർക്കറ്റ് തകർത്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജയരാജൻ..................

ശ്രീ. ഇ.പി. ജയരാജൻ: ഇത് കേരളത്തിന്റെ വളരെ ജീവൽപ്രധാനമായ പ്രശ്നമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്നാലും വളരെയധികം സമയമായി.

ശ്രീ. ഇ.പി. ജയരാജൻ: ഇത് എന്റെയും നിങ്ങളുടെയും സമൂഹത്തിന്റെയും ആകെ പ്രശ്നമാണ്. ഇത് കൃഷിക്കാരെ മാത്രമല്ല, നാടിനെത്തന്നെ ബാധിക്കുന്ന വിഷയമാണ്. അതുപോലെതന്നെയാണ് റബ്ബറിന്റെ കാര്യവും. റബ്ബർ കാർഷിക വിളയല്ല. അത് വാണിജ്യവിളയായി പരിഗണിക്കപ്പെട്ടു. ആയതിനാൽ ചെറുകിട നാമമാത്രമായ റബ്ബർ കൃഷിക്കാർക്ക് ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. ഇപ്പോൾ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. രണ്ടോ മൂന്നോ കൊല്ലം കഴിയുമ്പോൾ കേരളത്തിലെ റബ്ബർ എവിടെയും പോകുകയില്ല. ഇവിടത്തെ വൻകിട കമ്പനിക്കാരും ടയർ കമ്പനിക്കാരും ദക്ഷിണാഫ്രിക്ക പോലുള്ള രാജ്യങ്ങളിൽപ്പോയി വൻതോതിൽ ഭൂമി എടുത്ത് അവിടെ പ്ലാന്റേഷൻ തുടങ്ങിയിരിക്കുകയാണ്. ആ പ്ലാന്റേഷനിൽ അവർതന്നെ റബ്ബർ ഉൽപ്പാദിപ്പിച്ച് കൊണ്ടുവന്നാൽ കേരളത്തിലെ റബ്ബർ ഒരിടത്തും പോകുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........യെസ്........ പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ.പി. ജയരാജൻ: കേരളത്തിലെ എഴുപത് ലക്ഷത്തിൽപ്പരം ആളുകൾ കാർഷിക മേഖലയിലാണ്. ഇത് കർഷകത്തൊഴിലാളികളുടെ

ജീവൽപ്രശ്നമാണ്. ഇവിടെ എല്ലാ കാർഷിക വിളകൾക്കും വിലയിടിയുകയാണ്. ഒരു കാർഷിക വിളയ്ക്കും ന്യായവില ലഭിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാർഷികോൽപ്പന്നമായ നാളികേരത്തിന് വിലയില്ല, അത് വാങ്ങുന്നതിന് ആളില്ല. നിങ്ങൾ നെല്ല് സംഭരിച്ചശേഷം കാശ് നൽകുന്നില്ല. ഇവിടെ ഏലത്തിന് വിലയില്ല. നിലവിളിയാണ് ഈ കേരളത്തിൽ നടക്കുന്നത്. നിങ്ങൾ ഉറങ്ങിക്കിടക്കരുത്. നിങ്ങൾ പാമോയിൽ ഇറക്കുമതി ചെയ്ത് ഈ രാജ്യത്തെ എങ്ങോട്ട് കൊണ്ടുപോകുകയാണ്? കേരളത്തിലെ ഉൽപ്പന്നത്തിന്റെ മാർക്കറ്റ് തന്നെ നിങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഗവൺമെന്റ് അടിയന്തിരമായി നെൽകൃഷിക്കാർക്കുള്ള സബ്സിഡി പുനഃസ്ഥാപിക്കണം. സംഭരിച്ച നെല്ലിന്റെ മുഴുവൻ പണവും നെൽകൃഷിക്കാർക്ക് നൽകണം. ഇവിടെ നാളികേര കൃഷിക്കാർക്ക് ന്യായവില ലഭ്യമാക്കണം. അതുപോലെ കുരുമുളകിന്റേയും ഏലത്തിന്റേയും റബ്ബറിന്റേയും വില ഉറപ്പ് വരുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. കൃഷി ഡിപ്പാർട്ടുമെന്റ് ഉറങ്ങിക്കിടക്കാതെ അതീവ ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നതും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ.പി. ജയരാജൻ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ കുറച്ചൊക്കെ വസ്തുതാപരമാണ്. ബാക്കിയുള്ളത് വസ്തുതയ്ക്ക് വിരുദ്ധമായാണ് കാണുന്നത്. കേരളത്തിലെ പ്രധാന വിളയായ നെല്ലിന്റെ വിലത്തകർച്ച നേരിടുന്നതിനായി സംസ്ഥാനത്ത് സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ ഓരോ വർഷവും നെല്ലിന് പ്രഖ്യാപിക്കുന്ന

താങ്ങ് വില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. സംസ്ഥാന സർക്കാർ ഇപ്പോൾ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കിലോയ്ക്ക് 17 രൂപയാണ്. 2005-ൽ നെല്ല് സംഭരണം സംസ്ഥാനത്തെ ഏതാനും ജില്ലകളിൽ മാത്രമായിരുന്നു. എന്നാൽ 2012 ഫെബ്രുവരി മാസത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സപ്ലൈകോ വഴി നെല്ല് സംഭരണം നടപ്പിലാക്കി വരികയാണ്. 2012-13 വർഷത്തിൽ രണ്ട് സീസണുകളിലായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് 3.56 ലക്ഷം ടൺ നെല്ല് സപ്ലൈകോ മുഖാന്തിരം സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് താമസം കൂടാതെ നൽകി വരുന്നുണ്ട്. സംഭരണത്തിൽ ആകെ 380 കോടി രൂപ നൽകാനുള്ളതിൽ 300 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. ബാക്കി 80 കോടി രൂപ ഉടൻതന്നെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിപണിയിൽ നാളികേരത്തിന് വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരം കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാർ 2012-സീസണിലേയ്ക്ക് താങ്ങുവിലയായി മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയും പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1400 രൂപയുമാണ് നിശ്ചയിച്ചിരുന്നത്. നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ മാർക്കറ്റ്ഫെഡും കേരഫെഡും മുഖേനയാണ് സംഭരണം നടത്തിവന്നിരുന്നത്. പക്ഷേ കൊപ്ര സംഭരണത്തിൽ നാഫെഡിനുണ്ടായ നഷ്ടം പൂർണ്ണമായി കേന്ദ്ര സർക്കാർ

നികത്താത്ത സാഹചര്യത്തിൽ നാഫെഡ് കൊപ്രാ സംഭരണം നിർത്തിവച്ചിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നാളികേരകർഷകരെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനായി കൃഷിഭവൻ മുഖാന്തിരം നാളികേരം സംഭരിക്കുന്നതിന് ഒരു നൂതന പദ്ധതിക്ക് 2013 ജനുവരി ഒന്നാം തീയതി മുതൽ സംസ്ഥാനസർക്കാർ തുടക്കമിട്ടു. ഈ പദ്ധതിയിലൂടെ കിലോഗ്രാമിന് 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ കർഷകരിൽ നിന്ന് സംഭരിക്കുന്നത്. സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില അപ്പോൾത്തന്നെ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ കേരഫെഡ് വഴി കൊപ്രയാക്കുവാനും കൂടാതെ കേരഫെഡിന്റെ തന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുമാണ് ഉപയോഗിക്കുന്നത്. നാഫെഡ് കൊപ്രാ സംഭരണം നിർത്തിവച്ച വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നാഫെഡിനുണ്ടാകുന്ന നഷ്ടം പൂർണ്ണമായി നികത്താമെന്ന തീരുമാനമെടുപ്പിക്കുകയും അതിന്റെ ഫലമായി നാഫെഡ് വീണ്ടും കൊപ്ര സംഭരണം ആരംഭിച്ചിട്ടുമുണ്ട്. നാളികേര കർഷകർക്ക് ഏറെ ആശ്വാസകരമാകുന്നതും മികച്ച വരുമാനമുണ്ടാകുന്നതുമായ നീര ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള നടപടികളും സർക്കാർ പൂർത്തിയാക്കിവരുന്നു. കൂടാതെ നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഡെസികേറ്റഡ് കോക്കനട്ട് പൗഡർ, കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് മിൽക്ക് ക്രീം മുതലായവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനവും കേരഫെഡ് ആരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി അനുസരിച്ചുള്ള കൊപ്ര സംഭരണത്തിലൂടെ 2012-13 വർഷം 18,143 ടൺ കൊപ്ര കേര

ഫെഡും മാർക്കറ്റ്ഫെഡും കൂടി സംഭരിച്ചിട്ടുണ്ട്. കൃഷിഭവനിലൂടെ എട്ട് ജില്ല കളിൽ നിന്ന് 269 കൃഷിഭവനുകളിലൂടെ 39,299 കർഷകരിൽ നിന്നും ഇതി നോടകം 21,896 ടൺ പച്ചത്തേങ്ങ സംഭരിച്ചുകഴിഞ്ഞു. സംഭരിച്ച നാളികേര ത്തിന്റെ വിലയായി 40 കോടി രൂപ 1-06-2013-വരെ കർഷകർക്ക് നൽകിയി ട്ടുണ്ട്. നാളികേര മേഖല കൂടുതൽ ആകർഷകമാക്കാനും ആദായപ്രദമാ ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പൂട്ടിക്കിടക്കുന്ന സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയുമാ ണ്. ഇതിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപ ണനവും സാധ്യമാക്കുകയും നാളികേര കാർഷിക മേഖല കൂടുതൽ ആദായ പ്രദമാവുകയും ചെയ്യും. ആറ്റിങ്ങൽ മാമത്തുള്ള 22 വർഷമായിപൂട്ടിക്കിടന്ന കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം ഈ ഗവൺമെന്റ് വന്നതിനുശേഷം റിവൈവ് ചെയ്തു, ഇപ്പോൾ അവിടെ വെളിച്ചെണ്ണയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. 2011-ൽ റബ്ബറിന്റെ ആഭ്യന്തര ശരാശരി വില കിലോഗ്രാമിന് 216 രൂപ ആയിരുന്നത് 2012 -ൽ 154 രൂപയായി കുറഞ്ഞിട്ടുണ്ട്. എന്നാൽ, ഇപ്പോ ഴത്തെ വില കിലോഗ്രാമിന് 171 രൂപയാണ്. റബ്ബറിന്റെ ഇറക്കുമതി തീരുവ 20% പരമാവധി കിലോയ്ക്ക് 20 രൂപയും ലാറ്റെക്സിന്റെ തീരുവ 70 ശതമാന മെന്ന നിരക്കിൽ കിലോക്ക് പരമാവധി 49 രൂപയുമാണ് ഇപ്പോൾ നിലവിലു ള്ളത്. ഇറക്കുമതി തീരുവ റബ്ബറിന് പരമാവധി 20 രൂപയിൽ നിന്ന് 34 രൂപയാ ക്കുന്നതിന് കേന്ദ്ര വാണിജ്യമന്ത്രാലയം തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഉത്തരവ് നിലവിൽ വന്നിട്ടില്ല. ഇറക്കുമതി തീരുവ ഉയർത്തണമെന്ന്

സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളകിനെ സംബന്ധിച്ച് 2012 ഒക്ടോബർ മാസത്തിൽ കിലോഗ്രാമിന് 418 രൂപവരെ വർദ്ധനവ് ഉണ്ടായിരുന്നുവെങ്കിലും ഇത് ക്രമേണ കുറഞ്ഞ് ഇപ്പോൾ കിലോഗ്രാമിന് 340 രൂപ വരെയായിട്ടുണ്ട്. മറ്റുരാജ്യങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് കുരുമുളക് കയറ്റുമതി ചെയ്യുന്നതുമൂലം അന്താരാഷ്ട്ര വിപണിയിൽ കുരുമുളകിനുണ്ടായിരിക്കുന്ന വിലയിടിവ് ഇവിടത്തെ ആഭ്യന്തര വിലയിടിവിന് കാരണമാകുന്നുണ്ട്. ഏലത്തിന് 2012 മുതൽ കിലോഗ്രാമിന് 800 രൂപ വരെ ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ വില കുറഞ്ഞ് കിലോഗ്രാമിന് 560 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. ഏലത്തിന്റെ ഉൽപ്പാദനത്തിലുള്ള വർദ്ധനവും ഗ്വാട്ടിമാലയിൽ നിന്നും വിലകുറഞ്ഞ ഏലം അന്താരാഷ്ട്ര വിപണിയിൽ ലഭിക്കുന്നതുമാണ് കുരുമുളകിന്റെ വില കുറയാനുള്ള കാരണം. വിവിധ രാസവളങ്ങളുടെ 2012-13 കാലയളവിലെ വിലവിവരം മേശപ്പുറത്തുവയ്ക്കുന്നു.

| വളത്തിന്റെ പേര് | വില (മെട്രിക് ടണ്ണിന്) | | |
|---|---|---|---|
| | 2012 | 2013 | മേയ് 2013 |
| യൂറിയ | 5362 | 5362 | 5410 |
| മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 15900 | 16800 | 16000 |
| ഡൈ അമോണിയം ഫോസ്ഫേറ്റ് | 20000 | 24000 | 22500 |
| ഫാക്ടംഫോസ് | 14751 | 18691 | 17751 |

യൂറിയ ഒഴികെയുള്ള രാസവളങ്ങൾക്ക് 2012-ലെ വിലയെ അപേക്ഷിച്ച് 2013-ൽ വിലവർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ 2013 മേയ് മാസം മുതൽ യൂറിയയ്ക്ക് നാമമാത്രമായ വിലവർദ്ധനവുണ്ടായെങ്കിലും ബാക്കിയുള്ള വളങ്ങൾക്ക് വില കുറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നെല്ല് സംഭരിച്ചതിന്റെ വിലയായി 300 കോടി രൂപ കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എവിടെയാണ് കൊടുത്തതെന്നോ ആർക്കൊക്കെയാണ് കിട്ടിയതെന്നോ അറിയില്ല. ആർക്കും കിട്ടിയിട്ടില്ല. കുട്ടനാടിനുവേണ്ടി 50 കോടി രൂപ മാത്രമാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. ഇനി 110 കോടി രൂപ കുട്ടനാട്ടിന് മാത്രം കൊടുക്കാൻ ബാക്കിയാണ്. ഏതായാലും ബാക്കിതുക കൂടി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ തുക കർഷകരുടെ അക്കൗണ്ട് വഴി കൊടുക്കുമെന്നാണ് പറയുന്നത്. എന്നാൽ അവർക്ക് അത് കൊടുക്കാതിരിക്കാൻ വേണ്ടിയാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതായാലും അതിപ്പോൾ കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ കൃഷിഭവനുകളിലൂടെയും നാളികേരം സംഭരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒരു കൃഷിഭവനിൽ നാളികേരവുമായിപോയി അത് സംഭരിക്കാതിരുന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: അങ്ങനെയൊരു സംഭവം ഇതുവരെ ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, അങ്ങനെ ഉണ്ടായാൽ നടപടി സ്വീകരിക്കുകയും ചെയ്യും. അതിനുദാഹരണമായി ഇന്നത്തെ മലയാള മനോരമ പത്രത്തിൽ "നാളികേര ഉൽപ്പന്ന വിപണിയിൽ ഉണർവ്വ് ............" എന്ന തലക്കെട്ടോടുകൂടി വാർത്തവന്നിട്ടുണ്ട്. ഏതെങ്കിലും കൃഷിഭവൻ മുഖാന്തിരം നാളികേരം ശേഖരിക്കുന്നില്ലെങ്കിൽ നടപടി സ്വീകരിക്കുമെന്ന് മാത്രമല്ല, 110 കൃഷിഭവനുകളിൽകൂടി ഈ മാസം കൂടുതലായി നാളികേരം ശേഖരിക്കുകയാണ്.

(സബ്മിഷൻ)